പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2680 **28-10-2026-ൽ മറുപടിയ്ക്ക്**

ജലസേചന പദ്ധതികളുടെ നിർമ്മാണവും പരിപാലനവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വൻകിട, ഇടത്തരം, ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മാണം, നവീകരണം, അറ്റകുറ്റപ്പണി, പരിപാലനം എന്നിവ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: ജലസേചന പദ്ധതികളുടെ നിർമ്മാണ പുരോഗതി നിരീക്ഷിക്കുക , പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുക, നിലവിലുള്ള ജലസേചന സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തുക എന്നിവയ്ക്ക് ജലസേചന വകുപ്പ് പ്രാധാന്യം നൽകി വരുന്നു .കാവേരിജല തർക്ക ട്രിബ്യൂണലിന്റെ(CWDT) 2007-ലെ അന്തിമ ഉത്തരവ് പ്രകാരം,കബനി നദീതടത്തിൽ അനുവദിച്ചിട്ടുള്ള 11.51 TMC ജലം വിനിയോഗിക്കുന്നതിനായി കടമാൻതോട് , തൊണ്ടാർ പദ്ധതി കളെ ഒന്നാം ഘട്ട പദ്ധതികളായും നൂൽപ്പുഴ, പെരിങ്ങോട്ടുപുഴ, കല്ലമ്പതി,തിരുനെല്ലി,ചുണ്ടാലിപ്പുഴ പദ്ധതികളെ രണ്ടാം ഘട്ട പദ്ധതികളായും ഉൾപ്പെടെ 7ഇടത്തരം ജലസേചന പദ്ധതികൾക്കും വിശദമായ പദ്ധതി റിപ്പോർട്ട്(DPR)തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട് .

ഒന്നാം ഘട്ടത്തിൽ ഉൾ പ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ഫിനാൻഷ്യൽ ബിഡ് സർക്കാരിന്റെ പരിഗണനയിലാണ്. രണ്ടാം ഘട്ട പദ്ധതികളുടെ ഡിപിആർ തയ്യാറാക്കാൻ Expression of Interest (EoI)ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 4694ഹെക്ടർ Gross Command Area(GCA), 4255ഹെക്ടർ Culturable Command Area (CCA) വിഭാവനം ചെയ്യുന്ന പാലക്കാട്ജില്ലയിലെ അഗളി,ഷോളയാർപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ജലസേചന പദ്ധതിയായ അട്ടപ്പാടി ഇറിഗേഷൻപദ്ധതിയുടെ (AIP)വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രധാനമായും ചാലക്കുടി പുഴയിലെ വെള്ളപ്പൊക്ക നിയന്ത്രണവും ,ജലവൈദ്യുതി ഉത്പാദനവും ലക്ഷ്യമിട്ട് വിഭാവനം ചെയ്തിട്ടുള്ള SAKKIP (Sustainable Alternative to Kuriyarkutty Karappara Irrigation Project) പദ്ധതിയുടെ Detailed Project Report (DPR)തയ്യാറാക്കുന്നതിനായി ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽഏർപ്പെട്ടിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിപുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

നിലവിലുള്ള ജലസേചന സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത കാര്യക്ഷമമാക്കുന്നതിനു ആവശ്യമായ അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും നടപ്പിലാക്കുക , ജലസംഭരണികൾ , പ്രധാന കനാലുകൾ,വിതരണ ശൃംഖലകൾ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകളും പരിപാലന പ്രവർത്തനങ്ങളും ജലസംഭരണികളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളി,മണ്ണ്,മണൽ എന്നിവ നീക്കം ചെയ്ത് അവയുടെ പൂർണ്ണ ജലസംഭരണശേഷി വീണ്ടെടുക്കുന്നതിനുള്ള നടപടികളും അതാത് സാമ്പത്തിക വർഷത്തെ അനുയോജ്യമായ ആസ്തി പ്ലാൻ/നോൺ പ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന് കീഴിൽ MI Class I scheme- ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ അറ്റകുറ്റ പണികൾ വകുപ്പ് മുഖേന Annual Maintenance ശീർഷകത്തിൽ ഉൾപ്പെടുത്തിയും MI Class II പ്രവൃത്തികൾ അതത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുകയും അവയുടെ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുകയും ചെയ്ത് വരുന്നു.

ലോകബാങ്ക് ഫണ്ട് ഉപയോഗിച്ച് Kerala climate Resilent Agri value Chain (KERA) പദ്ധതിയിൽ Renovation of left bank canal of Malampuzha project for piloting of low carbon paddy cultivation എന്നപേരിൽ മലമ്പുഴ പ്രൊജെക്ടിലെ ഇടതുകര കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായുള്ള പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് . നിലവിൽ ചുള്ളിയാർഅണക്കെട്ടിലെ ഡിസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും മീങ്കര,വാളയാർ അണക്കെട്ടുകളിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ പുരോഗമിച്ചും വരുന്നു. ബാക്കിയുള്ള അണക്കെട്ടുകളിൽ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലപ്പഴക്കം മൂലം തകരാറിലായ കനാലുകൾ, തടയണകൾ, ഷട്ടറുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവ നവീകരിക്കുന്നതിനും ചോർച്ച തടയുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ജലസേചന കനാലുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ജലവിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും ഓരോ കൃഷിക്കാലത്തിനും മുമ്പായി അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സ്ഥിരമായ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ